# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.228 05.05.2017 ന് മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാജൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി നാശനഷ്ടമുണ്ടാക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) കണ്ണൂർ ജില്ലയിൽ ആറളം പ്രദേശം, വയനാട് ജില്ലയിൽ തിരുനെല്ലി, നൂൽപ്പുഴ മേഖലകൾ, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, മുക്കാളി പ്രദേശങ്ങൾ, ഇടുക്കി ജില്ലയിൽ ദേവികുളം പ്രദേശം, കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴ വനമേഖല, തിരുവനന്തപുരം ജില്ലയിലെ പാലോട്, പേപ്പാറ വനമേഖലകൾ എന്നീ പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ കൂടുതലായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്. |
| (ബി) വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) വനത്തിനുള്ളിൽ കുടിവെള്ളം, ആഹാരവസ്തുക്കൾ എന്നിവയുടെ ലഭ്യത കുറയുന്നത്, ആനത്താരകൾ ശിഥിലമാകുന്നത്, വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ നടത്തുന്നത്, വനാതിർത്തിയിൽ വന്യജീവികളെ ആകർഷിക്കുന്ന രീതിയിൽ ജൈവ മാലിന്യം നിക്ഷേപിക്കുന്നത്, വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവയാണ് വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നതിനുള്ള പ്രധാന കാരണങ്ങൾ. |
| (സി) ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ കാട്ടിനുള്ളിലെ ചെക്ക്ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും, പരമാവധി ജലലഭ്യത ഉറപ്പ |

വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചു പിടിപ്പിക്കുന്നുണ്ട്.

KIIFB-യിൽ ഉൾപ്പെടുത്തി 100 കോടി രൂപ വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2016-17 വർഷത്തിലെ പദ്ധതി വിഹിതമായ 25 കോടി രൂപ ഉപയോഗപ്പെടുത്തിയിട്ടുള്ള പ്രതിരോധ നിർമ്മാണങ്ങൾ പുരോഗമിച്ചു വരുന്നു.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി കൃഷിക്കും മനുഷ്യജീവനും നാശം വരുത്തുന്ന ആന പോലുള്ള വന്യജീവികളെ മയക്കുവെടിവെച്ച് പിടിച്ച് വനാന്തരങ്ങളിൽ തുറന്നു വിടുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും തദ്ദേശീയരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 175 ജനജാഗ്രതാ സമിതികൾ ഇതിനോടകം നിലവിൽ വന്നു.

ഇതിനു പുറമെ, ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പു നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു 43 മേഖലകളിൽ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

Latheesh

സെക്ഷൻ ഓഫീസർ